**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3764** | **11.11.2019-ൽ മറുപടിക്ക്** |
|---|---|
| **വാളയാറിൽ രണ്ട് പെൺകുട്ടികളുടെ ദുരൂഹ സാഹചര്യത്തിലുള്ള മരണം** | |

| **ചോദ്യം**<br>**ശ്രീമതി.ഷാനിമോൾ ഉസ്മാൻ**<br>**ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. അനിൽ അക്കര**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|---|---|
| (എ) | വാളയാറിൽ രണ്ടു പെൺകുട്ടികൾ ക്രൂര പീഡനത്തിന് വിധേയമായതിനെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസുമായി ബന്ധപ്പെട്ട് കോടതി പ്രതികളെ വെറുതെ വിട്ട സംഭവത്തിൽ പ്രോസിക്യൂഷന് വീഴ്ച സംഭവിച്ചുവെന്നത് പരിശോധിക്കുമോ ; | (എ) യും (ബി) യും (സി) യും | വാളയാറിലെ സഹോദരങ്ങളായ രണ്ട് പെൺകുട്ടികളുടെ അസ്വാഭാവിക മരണം സംബന്ധിച്ച് ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചു. സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു. കേസ് അന്വേഷണത്തിന് അന്ന് മേൽനോട്ട ചുമതലയുണ്ടായിരുന്ന ഡി.വൈ.എസ്.പി.യുടെ വിശദീകരണവും തേടിയിരുന്നു.<br>ഈ സംഭവത്തിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ജി. പൂങ്കുഴലി ഐ.പി.എസിന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം പൂർത്തിയാക്കിയത്.<br>പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്ത് കേസ് കൈകാര്യം ചെയ്തതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന ആക്ഷേപവും പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കേസിൽ മൂത്ത കുട്ടിയുടെ ഇൻക്വസ്റ്റ് റിപ്പോർട്ടിൽ പീഡനം നടന്നിരിക്കാനുള്ള സാഹചര്യം തള്ളിക്കളയാതിരുന്നിട്ടും പോലീസ് അന്വേഷണം അവസാനിപ്പിച്ചതിന്റെ കാരണം വിശദമാക്കാമോ; | | |
| (സി) | ഇളയ കുട്ടിയുടെ ഇൻക്വസ്റ്റ് റിപ്പോർട്ടിൽ കുട്ടി ക്രൂരമായ പീഡനത്തിന് വിധേയമായിട്ടുണ്ടെന്നും ആത്മഹത്യയല്ല മറിച്ച് കൊലപാതകമാകാനുള്ള സാധ്യതയാണ് ഉള്ളതെന്ന് സൂചിപ്പിച്ചിട്ടും പോലീസ് ശാസ്ത്രീയമായ തെളിവുകൾ ശേഖരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**